because you have not applied in the prescribed form" you could have asked "what is the prescribed form etc." But it is not like that.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കാർ വാങ്ങുന്നതിനു് ലോണിനു് അപേക്ഷിക്കാൻ പ്രത്യേകം അപേക്ഷാഫാറമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: നിശ്ചയമില്ല; ഉണ്ടായിരിക്കും; ഇല്ലെന്നും വരാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: ശ്രീ. സി. എ. മാത്യു അയച്ചതു ഒരു കത്തായിരുന്നു; പ്രത്യേക ഫാറത്തിൽ അല്ലായിരുന്നു എന്നു പറഞ്ഞു. ലോണിനു് അപേക്ഷിക്കാൻ ഗവണ്മെന്റിൽനിന്നും ഏതെങ്കിലും ഫാറം പ്രിസ്ക്രൈബു ചെയ്തിട്ടുണ്ടോ? അങ്ങനെയുള്ള ഫാറത്തിലാണോ ശ്രീമതി കെ. ഒ. ഐക്കാ ബായി അപേക്ഷിച്ചിട്ടുള്ളതു"?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ ഫാറം ഉണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. ആർ. സുശീലൻ: ശ്രീമതി ഐക്കാബായി ഗവണ്മെന്റിൽനിന്നും ഏഴായിരം രൂപ ലോൺ വാങ്ങിയതിനു് ആവശ്യമുള്ള ഈടു വച്ചിട്ടില്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഉണ്ടു്.

ശ്രീ. എം. എം. മത്തായി: ശ്രീ. സി. എ. മാത്യുവും, ശ്രീ. ഇ. പി. ഇയ്യപ്പനും ശരിയായ ഫാറത്തിൽ അപേക്ഷിക്കാത്തതുകൊണ്ടാണോ അവരുടെ അപേക്ഷകൾ തള്ളിക്കളഞ്ഞതു"?

ശ്രീ. സി. അച്യുതമേനോൻ: കാർ വാങ്ങാൻ ലോൺ കൊടുക്കുന്ന ഒരു പദ്ധതി ഗവണ്മെന്റിനില്ല. അതുകൊണ്ടു തള്ളിക്കളഞ്ഞതാണു്.

ശ്രീ. എം. എം. മത്തായി: ശ്രീമതി ഐക്കാബായിക്കു് ഈ പദ്ധതി അനുസരിച്ചു കൊടുക്കാമെങ്കിൽ മറ്റുള്ളവർക്കു് എന്തുകൊണ്ടു കൊടുത്തുകൂടാ?

ശ്രീ. സി. അച്യുതമേനോൻ: മുൻപു് ഇതിനു മറുപടി പറഞ്ഞിട്ടുള്ളതാണു്. വേണമെങ്കിൽ അതു് ആവർത്തിക്കാം.

പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം.

* 1583. [16] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ മുഖ്യമന്ത്രിമാരുടെ സമ്മേളനം പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കണം എന്നു ചർച്ച ചെയ്തുകയുണ്ടായോ;

(ബി) ഇതിനെപ്പറ്റി സംസ്ഥാനഗവണ്മെന്റുകളുടെ അഭിപ്രായം ആരായണമെന്നു തീരുമാനിക്കുകയുണ്ടായോ;

(സി) ഇതു സംബന്ധിച്ചുള്ള കേരളസർക്കാരിന്റെ സുപാർശ കേന്ദ്രത്തിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സുപാർശകൾ എന്താണു"?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട്):

(എ: ബി) ഒന്നിലധികം തവണത്തെ മുഖ്യമന്ത്രി സമ്മേളനങ്ങളിൽ, പിന്നാക്കസമുദായങ്ങളുടെ തരംതിരിപ്പിനു ജാതിയെ അടിസ്ഥാനമാക്കുന്ന രീതി അവസാനിപ്പിക്കണമെന്നുള്ള നിർദ്ദേശം ആഭ്യന്തരകാര്യമന്ത്രി പുറപ്പെടുവിക്കുകയും, അതിനെ സംബന്ധിച്ച് മുഖ്യമന്ത്രിമാർ അവരുടെ അഭിപ്രായം പറയുകയും ചെയ്തിട്ടുണ്ട്.

(സി) വിവിധ സമുദായങ്ങളെ പിന്നാക്കസമുദായങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം ഇന്നതായിരിക്കണമെന്നതിനെക്കുറിച്ച് കേന്ദ്രഗവണ്മെൻറിനു ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(ഡി) സാമുദായിക-സാംസ്കാരിക-വിദ്യാഭ്യാസ സ്ഥിതിഗതികളെ മാനദണ്ഡമാക്കി, പിന്നാക്കസമുദായക്കാരെ തരംതിരിച്ചുവരുന്ന രീതിക്കു മാറ്റം വരുത്തേണ്ട ആവശ്യമില്ലെന്നാണു കേരളസർക്കാർ കേന്ദ്രത്തിലേയ്ക്കു ശുപാർശ സമർപ്പിച്ചിട്ടുള്ളതു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ശുപാർശകളുടെ കൂട്ടത്തിൽ, സാമുദായിക, സാംസ്കാരിക, വിദ്യാഭ്യാസ സ്ഥിതിഗതികളും എന്നാണു പറഞ്ഞിട്ടുള്ളതു്. സാമ്പത്തികസ്ഥിതികൂടി പരിഗണിക്കണമെന്നു ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട്: ഇല്ല. ഭരണഘടനയിൽ സാമ്പത്തികമായിട്ടു പിന്നാക്കം നിൽക്കുന്നവരെ പിന്നാക്കസമുദായത്തിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞിട്ടില്ല.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഒരു സോഷ്യലിസ്റ്റു രാജ്യം കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന നാം ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതു് സാമ്പത്തികമായ സമീകരണ നടപടിക്കല്ലേ?

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട്: അതിനു് ഭരണഘടനയിൽ തന്നെ മാറ്റം വരുത്താൻ ബഹുമാനപ്പെട്ട മെമ്പർ ശ്രമിച്ചാൽ മതി.

ശ്രീ. കെ. ഹസ്സൻ ഗനി: പിന്നാക്കസമുദായങ്ങളെ തരംതിരിക്കുന്നതിനുള്ള മാനദണ്ഡം ഭരണഘടനയിൽതന്നെയുള്ളതല്ലേ?

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട്: അതെ. സാമുദായികവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമെന്നു പറയുന്നുണ്ടു്. സാമ്പത്തികമായിട്ടു് എന്നു പറയുന്നില്ല. അതിനു മാറ്റം വരുത്തണമെങ്കിൽ ലോകസഭയ്ക്കുമാത്രമേ സാധിക്കുകയുള്ളൂ.

ശ്രീമതി കുസുമം ജോസഫ്: അഡ്മിനിസ്ട്രേറ്റീവ് റിഫാംസുകമ്മിറ്റി റിപ്പോർട്ടിൽ, പിന്നോക്കസമുദായങ്ങളുടെ പരിഗണനയിൽ സാമ്പത്തികസ്ഥിതികൂടി ഒരു മാനദണ്ഡമായി സ്വീകരിക്കണമെന്നു രേഖപ്പെടുത്തിയിട്ടില്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറോടു വളരെവളരെ വിനയപൂർവ്വം ഞാൻ പറയുകയാണു്; ഇതു് അയിരത്തൊന്നു പ്രാവശ്യം ചോദിച്ചിട്ടുള്ളതാണു്.

ശ്രീമതി കുസുമം ജോസഫ്: ഭരണഘടനയിൽ ഈ മൂന്നു കാര്യങ്ങളും പരിഗണിക്കണമെന്നാണു് വ്യവസ്ഥചെയ്തിട്ടുള്ളതെങ്കിൽ, അതിനു വിപരീതമായി ഭരണപരിഷ്കാരക്കമ്മിറ്റി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതു് ഭരണഘടനയ്ക്കു വിരുദ്ധമല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്.

മി. സ്പീക്കർ: അതൊരഭിപ്രായമാണു്.

ശ്രീ. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട്: അതു സുപ്രീംകോടതിയോ, അറ്റോർണി ജനറലോ, ഹൈക്കോടതി ജഡ്ജിമാരോ മറ്റോ നിശ്ചയിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. അറിവില്ലാത്ത നിയമപരമായ കാര്യത്തെ സംബന്ധിച്ച് നാം തമ്മിൽ തർക്കിച്ചിട്ട് കാര്യമില്ല.

ശ്രീ. മാധവൻ ഗോപിനാഥപിള്ള: ഭരണഘടനയിൽ പറഞ്ഞിട്ടില്ലാത്ത കാര്യം, ഭരണപരിഷ്കാരക്കമ്മിറ്റി റിപ്പോർട്ടിൽ സുപാർശ ചെയ്തിട്ടുള്ളതു്, സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ പിന്നാക്കസമുദായങ്ങളെ തരംതിരിക്കണമെന്നു് പറഞ്ഞിട്ടുള്ളതു് ഈ രാജ്യത്തു് കെട്ടടങ്ങി കിടന്നിരുന്ന വർഗ്ഗീയതയെ ഇളക്കിവിടുന്നതിനാണോ?

ശ്രീ. ഇ എം. എസ്സ്. നമ്പൂതിരിപ്പാട്: ഇതുപോലെ അങ്ങോട്ടും ചോദിക്കാം. ഭരണഘടനയിൽ അതുകൂടി ഉൾപ്പെട്ടതാതിരുന്നതു് ഈ രാജ്യത്തെ വർഗ്ഗീയതയെ ഇളക്കിവിടുന്നതിനാണോ എന്നു്.

പൂട്ടിയിട്ട വ്യവസായശാലകൾ.

* 1584. [17] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 1957 ഏപ്രിൽ 5–ാം തീയതിക്കുശേഷം കേരളത്തിൽ എത്ര വ്യവസായശാലകൾ പൂട്ടിയിട്ടിട്ടുണ്ടു്;

(ബി) തന്മൂലം എത്ര തൊഴിലാളികൾക്കു് ജോലി ഇല്ലാതായിട്ടുണ്ടു്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സു്) പൂർണ്ണമായ കണക്കു ശേഖരിക്കാൻ ഇനിയും സാധിച്ചിട്ടില്ല.

ടാനിംഗു് വ്യവസായം.

* 1585. [18] ശ്രീ. സി. കുഞ്ഞികൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ എവിടെയെല്ലാം ടാനിംഗു് വ്യവസായം നടന്നു വരുന്നു;

(ബി) എത്ര ടൺ ഉറക്കിട്ട തോൽ ഒരു വർഷത്തിൽ ഈ സ്റ്റോറിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടു്;

(സി) ഈ സ്റ്റോറിൽ ഏറ്റവും അധികം തോൽ കിട്ടുവാൻ സാദ്ധ്യതയുള്ള കാസർകോഡിൽ ഗവണ്മെൻറുവക ഒരു ടാനിംഗു് ഇൻസ്റ്റിറ്റ്യൂട്ടു് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) വടക്കാഞ്ചേരി, ചങ്ങനാശ്ശേരി, കാസർകോട്ട മുതലായ സ്ഥലങ്ങളിൽ ടാനിംഗു് വ്യവസായം നടന്നുവരുന്നുണ്ടു്

(ബി) ഉദ്ദേശം 145 ടൺ.

(സി) കാസർകോട്ടു് ധാരാളം ടാനിംഗു് വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിൽ ഉണ്ടു്. അവയെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് ഒരു കൂടുതൽ ഉറക്കാനുള്ള സാദ്ധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ഹസ്സൻ ഗനി: കോട്ടയ്ക്കൽ പഞ്ചായത്തിൽ നിന്നും ഇങ്ങനെയൊരു ടാനിംഗു് വ്യവസായം തുടങ്ങുന്നതിനു് അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ലഭിച്ചിട്ടുണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly